B2/46/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മ്യൂസിയം മൃഗശാല വകുപ്പ് - ബയോളജിസ്റ്റ് ആയ ശ്രീമതി ശ്വേതാ മുകുന്ദൻ ന് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.273/2025/CLAD തീയതി,തിരുവനന്തപുരം, 17-05-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം. 84/2025/CLAD, തീയതി - 24.02.2025.

2. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ 27.03.2025 ലെ E/118338/MZ/59/2025-L നമ്പർ കത്ത്.

**ഉത്തരവ്**

മ്യൂസിയം മൃഗശാല വകുപ്പിലെ ബയോളജിസ്റ്റായ ശ്രീമതി ശ്വേത മുകുന്ദന് ഉപരി പഠനത്തിനായി 01/02/2025 മുതൽ 13/11/2025 വരെ ശൂന്യവേതനാവധി അനുവദിച്ചുക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഉത്തരവ് ലഭ്യമായത് 24/02/2025 തീയതിയിലായതിനാൽ ടിയാൾ 27/02/2025 തീയതി വരെ ജോലിയിൽ തുടരുകയുണ്ടായെന്നും 27/02/2025 ന് അപരാഹ്നത്തിലാണ് വകുപ്പിൽ നിന്നും വിടുതൽ നൽകിയതെന്നും ആയതിനാൽ ശ്രീമതി ശ്വേതാ മുകുന്ദന് അനുവദിച്ച ശൂന്യ വേതനാവധി റദ്ദ് ചെയ്ത് 28/02/2025 മുതൽ 13/11/2025 വരെ ശൂന്യ വേതനാവധി അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശ ഉത്തരവിന്റെ സംഗ്രഹത്തിലും 2-ാമത്തെ ഖണ്ഡികയിലും ശൂന്യവേതനാവധി അനുവദിച്ച കാലാവധി 01.02.2025 മുതൽ 13.11.2025 വരെ എന്നുള്ളത് തിരുത്തി 28.02.2025 മുതൽ 13.11.2025 വരെ എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ ഭേദഗതിയോടെ മാത്രം പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ് , തിരുവനന്തപുരം

ശ്രീമതി ശ്വേത മുകുന്ദൻ, ബയോളജിസ്റ്റ്, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം (മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ (Edn C) വകുപ്പ് (No. 3054939 : EDN-C5/16/2025-FIN)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Renju. A. R
Date: 17-05-2025 16:31:25

സെക്ഷൻ ഓഫീസർ